

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 19 No. 11 Newsletter November 2021



ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക;
അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല
സദൃശ. 22:6

## മെഴുകുതിരിപോൽ എരിഞ്ഞിടിലും
## നിൻ ഒളികൊണ്ടു ലോകം മനം നിറയ്ക്കും

"യഹോവ എന്റെ ഇടയനാകുന്നു"– സങ്കീർത്തനം 23:1





# എസ്. വസന്തകുമാരി

(റിട്ട. സീനിയർ സൂപ്രണ്ട് മോട്ടോർ വാഹനവകുപ്പ്)

**ജനനം: 13–10–1949 മരണം :22–10–2020**

**ദുഃഖിതരായ ഭർത്താവ് ഡി. വിൻസന്റ് ജോഫ്രി** (Rtd. SBT)

(T.C.23/1094, കാൽവരി, വലിയശാല, തിരുവനന്തപുരം)

**മക്കൾ**
വി. ഫെലിക്സ് ജോഫ്രി
വി. മെർലിൻ ജോഫ്രി

**മരുമക്കൾ**
വിദ്യസുധ വി. എസ്.
ഡോ. ബിജോയ് എം. എസ്. രാജ്

**ചെറുമക്കൾ**
നഥാൻ വി. ഫെലിക്സ്
എബി എം. ബിജോയ്
ആദി എം. ബിജോയ്

# CHURCH VOICE

19th year of publication

NOVEMBER 2021



## EDITORIAL BOARD

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas

Rev. Dr. Jayaraj R.

Rev. N. Aji

P. R. Premakumar
(Sub Editor)

Dr. Thampi Samraj Y. C.

Stanley Wilson

Dr. Samson Nessiah

Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 9447059891**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Study | 05.30 p.m. |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| | | |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | | 9496369672 |
| Rev. Dr. Jayaraj R. (Presbyter) | | 9895556924 |
| Rev. N. Aji (Presbyter) | | 9495745337 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| Mr. Sathy K. Das | | 8089098808 |
| Dr. Leena T. L. | | 9496941686 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**ആ**നന്ദത്തിന്റെയും ഉല്ലാസത്തിന്റെയും ആഗമനകാലത്തേക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കത്തിന്റെ നാളുകളാണ് നവംബർ മാസം. അതോടൊപ്പം കുടുംബത്തിലെ മക്കൾക്കു വേണ്ടിയും നമ്മെയും കുടുംബങ്ങളെയും പ്രാർത്ഥിച്ച് അനുഗ്രഹിച്ച് വളർത്തി ഇപ്പോൾ നിത്യസ്വസ്ഥതയിൽ വിശ്രമിക്കുകയും ചെയ്യുന്ന നമ്മുടെ പൂർവ്വികർക്കായി സ്തോത്രം അർപ്പിക്കുകയും ചെയ്യുന്ന ദിനങ്ങളാണ്. നമ്മുടെ മക്കളെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടതുണ്ട്. ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലം നമുക്ക് സുപരിചിതമാണ്. പീഡനം, കൊലപാതകം, ആത്മഹത്യ, സാങ്കേതിക വിദ്യയുടെ ദുരുപയോഗം മുതലായവ വർദ്ധിക്കുന്നു. അതിനാൽ ലൂക്കൊസ് ആവശ്യപ്പെടുന്നതുപോലെ ക്രിസ്തു നമ്മുടെ മക്കളെ തൊട്ടു എന്നും അവർ ദൈവരാജ്യത്തിന് അവകാശികളായിരിക്കുന്നു എന്നും ഉറപ്പാക്കേണ്ട നാളുകൾ. യേശു അവരെ അണച്ച് അവരുടെമേൽ കൈവച്ച് അവരെ അനുഗ്രഹിക്കുന്നു എന്ന് ബോധ്യപ്പെടണം. 'Now Generation' എന്ന പ്രയോഗം സുപരിചിതമാണല്ലോ – 'ഇന്നിൽ അഭിരമിക്കുന്ന ജനത'. ഇന്നുള്ള നിസ്സാര സുഖസന്തോഷങ്ങൾക്കുവേണ്ടി വരാനിരിക്കുന്ന ശാശ്വത സൗഭാഗ്യങ്ങളെ അവഗണിക്കുന്ന അനുഭവം. എല്ലാം കയ്യിലെത്തും ദൂരത്തുണ്ട്. ആഗ്രഹിക്കുന്നതൊക്കെ നേടിയെടുക്കാൻ സാഹചര്യമുണ്ട്. അതിനാൽ ഇന്ന് സന്തോഷപ്രദമാക്കാൻ ശ്രമിച്ച് നാളെയുടെ സാധ്യതകളെ നശിപ്പിച്ചുകളയരുത്. ഏശാവിനെയും യാക്കോബിനെയും ഓർമ്മയില്ലേ! 'ഞാൻ നന്നാ ക്ഷീണിച്ചിരിക്കുന്നു... ഞാൻ മരിക്കേണ്ടിവരുമല്ലോ; ഈ ജ്യേഷ്ഠാവകാശം എനിക്ക് എന്തിന് എന്നു പറഞ്ഞു' അല്പമാത്ര ഭോജനത്തിനായി ദീർഘവീക്ഷണമില്ലാതെ അവൻ പ്രവർത്തിച്ചു. മൂല്യമില്ലാത്തതിനു വേണ്ടി വിലപ്പെട്ടതൊക്കെ നശിപ്പിക്കാൻ (വില്ക്കാൻ) നമ്മുടെ മക്കൾക്കിടവരാതിരിക്കട്ടെ.

നവംബർ മാസം ഒരോർമ്മയാണ്. ഓർമ്മ പുതുക്കലാണ്. നാമൊരു ട്രാഫിക് സിഗ്നലിലാണെന്ന് കരുതുക. മഞ്ഞവെളിച്ചം കണ്ടു നിൽക്കുകയാണ്. പച്ചവെളിച്ചം തെളിയുന്ന നിമിഷം നാം ജീവിതത്തിന്റെ ബദ്ധപ്പാടിലേക്ക് ഓടിപ്പോകുന്നു. എന്നാൽ ഏതു നിമിഷവും ചുവന്ന

വെളിച്ചം പ്രത്യക്ഷമാകും എന്ന് ഓർമ്മിക്കണം. പള്ളിസെമിത്തേരി നമ്മുടെ മുന്നിൽ പാഠപുസ്തകമായികിടക്കുന്നു. എങ്ങനെ ജീവിക്കണ മെന്നും എങ്ങനെ ജീവിക്കരുതെന്നും അത് നിരന്തരം ഓർമ്മപ്പെടു ത്തുന്നു. അതോടൊപ്പം, മനുഷ്യായുസ്സു മുഴുവനും നമുക്കുവേണ്ടി ത്യാഗത്തോടെ ജീവിച്ച നമ്മുടെ പൂർവ്വികർക്കായി നാം സ്തോത്രം അർപ്പിക്കുന്നു. വേദപുസ്തക ഭാഷയിൽ അവർ വിശുദ്ധന്മാരാണ്. അവർ ആത്മാവിൽ ദരിദ്രരായി, സൗമ്യതയുള്ളവരായി, ജീവിതത്തിൽ അനവധി ദുഃഖം സഹിച്ചവരായി, കരുണയുള്ളവരായി, ഹൃദയശുദ്ധി ഉള്ളവരായി, സമാധാനം ഉണ്ടാക്കുന്നവരായി ജീവിച്ചു. അതിനാൽ അവർ മഹാകഷ്ടത്തിൽ നിന്ന് വന്നവരെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നു. അവർ ഇപ്പോൾ ക്രിസ്തുവിനോട് സദൃശന്മാർ ആയിരിക്കുന്നു. അവരെ മനസ്സാ സ്മരിക്കുമ്പോൾ ഒരോർമ്മ കൂടെ വേണം. നശ്വരതയിൽ നിന്ന് അനശ്വരതയിലേക്കുള്ള ഈ ഇടവേള ഒരു നല്ല ജീവിതം നയിക്കാനുള്ള പ്രേരണ എല്ലാവർക്കും ഉണ്ടാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ജേക്കബ്ബച്ചൻ**

---



# പ്രതിവാര ധ്യാനം

**നവംബർ 7 അഖിലലോക സണ്ടേസ്കൂൾദിനം**

വിഷയം: **സഭയിലെ കുഞ്ഞുങ്ങൾ**

പുറ. 2:1-10, 3 യോഹ. 1-15, സങ്കീ. 47, ലൂക്കൊസ് 18:15-17

**നവംബർ 14**

വിഷയം: **തണ്ടിന്മേലുള്ള ദീപം**

സെഖ. 4:1-14, സങ്കീ. 27, 1കൊരി. 3:10-15, മത്തായി 5:14-16

**നവംബർ 21**

വിഷയം: **പെൺകുട്ടികളെ സംരക്ഷിക്കുന്നു**

ഇയ്യോബ് 42:10-17, സങ്കീ.45:8-14, അപ്പൊ. 16:16-18 മത്തായി 15:21-28

**നവംബർ 28**

വിഷയം: **സദ്വാർത്തയെ ആഘോഷിക്കുന്നു**

പുറ. 2:1-10, സങ്കീ. 117, അപ്പൊ. 9:10-18, ലൂക്കൊസ് 1:46-56



**Dear friends in Christ,**
Greetings in the precious name of our Lord and Savior Jesus Christ

***"How beautiful are the feet of those who preach the good news" Romans 10: 15***

The Church of South India affirms that the Church is the servant of God and is called to carry on the Mission of God in the world. The Church exists for the mission and by the Mission.

Mission is fulfilling God's purpose revealed in Jesus Christ and as testified in the scriptures. The Church of South India realizes that to be committed to Mission in Christ's way is to identify itself with the poor, the oppressed and the marginalized, thereby enabling them to achieve wholeness and freedom (The Constitution of the Church of South India 2016, Chapter 3).

'Go or send' is the mission slogan. For centuries sending missionaries to unreached people or making contribution to this noble cause has become visible signs of mission. But mission must now be 'from all and to all'. In response to the great commission CSI MM Church has launched the Mission Village project at Vithura, Nedumangad, Thiruvananthapuram, aiming to preach the good news to the poor and needy inhabited at the hilly terrains of Vithura village to enable the community to attain fullness of life in Christ's name.

In order to acquire the six acres of proposed land at Vithura four teams under the leadership of four pastors of MM Church are now conducting house visits of our members seeking prayer support and sacrificial contribution for this noble cause.

**1. Church Committee Meeting**

Church Committee meeting was held on 10th October 2021.

**2. Accounts for the month of October 2021**

The receipts and payments for the above month is published in separate pages.

**3. Ward Prayer**

Online ward prayer meeting in ZOOM platform were held in all Saturdays at 5:30pm. The meetings were led by our presbyters.

In October 2021 five marriages were conducted at our Church, four non-members and one MM Church Member viz. Miss Priyanka Antony married to Mr. Suresh Rajan.

**Congratulations.**

**4. Obituary**

1. Mrs. Rosammal, Family No. 1361 called to eternal rest on 09.10.2021 and funeral was held on same day at MM Church cemetery.
2. Mrs. Elsy Justus, Family No. 127, called to eternal rest on 23.10.2021 and funeral was held on same day at MM Church cemetery.
3. Mr. Kunju Kunju, Family Number 516, called to eternal rest on 25.10.2021 and funeral held on 27.10.2021.

Heartfelt condolence to the bereaved family.

**May God our Father and the Lord Jesus Christ give us all grace and peace.**

***'For when I preach the gospel, I cannot boast, since I am compelled to preach. Woe to me if I do not preach the gospel' 1 Corinthians 9:16***

**Dr. Thampi Sam Raj Y.C.**
Church Secretary

---

**അഭിനന്ദനങ്ങൾ**

ശ്രീ. അൽഫോൻസിന്റെയും ശ്രീമതി ഹെലൻ ഇവാൻസിന്റെയും മകളായ **അലീന അൽഫോൻസ്** (ഫാമിലി നമ്പർ 1649) നാഷണൽ സയൻസ് ഡേ 2021 ൽ യു. പി. വിഭാഗത്തിൽ വാട്ടർ കളർ പെയിന്റിംഗിന് ഡിസ്ട്രിക്ട് ലെവലിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

# നവസാമാന്യതയും കുടുംബമൂല്യങ്ങളും
## (New Normal and Family values)

**റവ. എൻ. അജി**

**കോ**വിഡ് മഹാമാരി നമ്മെയൊരു നവസാമാന്യത (New Normal) നാളുകളിലൂടെ നയിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് മുമ്പ് അപരിചിത മായിരുന്ന ജീവിത ശൈലികളാണ് നാം ഇന്ന് അനുവർത്തിക്കുന്നവയിൽ ഏറെയും. കൊറോണാ വൈറസ് വരുത്തിയ ആഘാതങ്ങളും അതിനോടനു ബന്ധിച്ചുള്ള നിയന്ത്രണങ്ങളും മനുഷ്യസമൂഹം ആകമാനം ആഗോളതല ത്തിലും പ്രാദേശികമായും അനുഭവിക്കുന്ന പ്രതിഭാസമാണ്. പഴയതിന്റെയും പുതിയതിന്റെയും ഇടയിൽപെട്ട് ജനങ്ങൾ കുഴയുകയാണ് എന്നാൽ ക്രിസ്തീയ സഭ വിളിക്കപ്പെട്ടിരി ക്കുന്നത് മാറ്റങ്ങൾക്കു നേരെ പുറംതിരിഞ്ഞ് നിൽക്കുവാനല്ല, യഥാർത്ഥ്യ ബോധത്തോടെ മാറ്റങ്ങളെ അഭിമുഖീകരിക്കുവാനാണ്.

**നവസാമാന്യത (New Normal)**

കോവിഡ്-19 മഹാമാരി ജീവിതത്തെ കോവിഡിനു മുമ്പ്-പിൻപ് എന്നീ രണ്ടുതലത്തിൽ വിഭജിച്ചു. സാധാരണമെന്നു (Normal) നാം കണ്ടിരുന്ന എല്ലാറ്റിനും മാറ്റം സംഭവിച്ചു. അത്തരമൊരു അവസ്ഥയിൽ മുമ്പുണ്ടായിരുന്ന സാമാന്യതകളിലേക്കുള്ള തിരിച്ചുപോക്ക് അസാധ്യമാണ്. ഇതു നമ്മെ നവസാമാന്യതയെ (New Normal) ക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. നാം മുമ്പു പരിചയിച്ചിട്ടില്ലാത്ത ഒരവസ്ഥയാണിത്. എന്നാൽ അതൊരു വ്യത്യസ്തമായ സാമാന്യതയോ പതിവുശൈലിയോ ആയിത്തീരുകയാണ്. നവസാമാന്യത എന്ന പദം ഒരു പുതുമയല്ല. ഒന്നാം ലോകമഹായുദ്ധകാലം മുതൽ ഇതു വ്യത്യസ്ത തലങ്ങളിൽ ഉപയോഗിച്ചുവരുന്നു. എന്നാൽ ഇന്നത്തെ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെയും കോവിഡാനന്തര കാലത്തിന്റെയും പശ്ചാത്തലത്തിൽ കൂടുതൽ സാംഗത്യവും അർഥവും ഇതിന് ഇന്നു കൈവന്നിരിക്കുന്നു.

**നവസാമാന്യതയും കുടുംബമൂല്യങ്ങളും**

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണ് കുടുംബം. ഉപഭോഗസംസ്കാരം പിടിമുറുക്കിയിരിക്കുന്ന ഇന്നത്തെ ലോകത്തിൽ കുടുംബമൂല്യങ്ങളുടെ ശാക്തീകരണം ഏറ്റവും ശ്രദ്ധയാകർഷിക്കുന്ന

വിഷയമാണ്. കുടുംബങ്ങൾക്കു ചുറ്റുപാടുമുണ്ടാകുന്ന വർദ്ധമാനമായ മാറ്റങ്ങൾ കുടുംബങ്ങൾക്കുള്ളിലെ ഇഴയടുപ്പമുള്ള ബന്ധങ്ങളിൽപോലും തകർച്ചകളും അകൽച്ചകളും ഉളവാക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ഇന്ന് എപ്രകാരമാണ്? നാം വൃദ്ധരെയും കുട്ടികളെയും വേണ്ടവിധം കരുതുന്നുണ്ടോ? നാം കുടുംബബന്ധങ്ങളെ ശക്തീകരിക്കുന്നുണ്ടോ? ഇവയെല്ലാം നാം ഉത്തരം നൽകേണ്ട പ്രസക്തമായ ചോദ്യങ്ങളാണ്. എല്ലാ കാലത്തെയും കുടുംബ വ്യവസ്ഥ ജീവിതത്തിന്റെ സമ്മർദ്ദങ്ങളെയും പിരിമുറുക്കങ്ങളെയും അഭിമുഖീകരിച്ചിട്ടുണ്ട്. കുടുംബങ്ങൾ തമ്മിൽ പരസ്പരം ഇടപെടുകയും ദൈവം അവരവർക്കു നൽകിയിരിക്കുന്ന ചുമതലകൾ വിശ്വസ്തതയോടെ നിർവഹിക്കുകയും ചെയ്യുന്നിടത്തു മാത്രമേ കുടുംബം ഒരു യാഥാർത്ഥ്യമായിത്തീരുകയുള്ളൂ. നവസാമാന്യതയുടെ പശ്ചാത്തലത്തിൽ എപ്രകാരമാണ് കുടുംബമൂല്യങ്ങളെ ശാക്തീകരിക്കാൻ കഴിയുന്നത്.

### 1. ദൈവം സ്രഷ്ടാവാണ് ( God is the Creator)

ദൈവമാണ് എല്ലാ കുടുംബങ്ങളെയും രൂപകൽപന ചെയ്യുന്നത്. ദൈവമായിരിക്കണം എല്ലാ കുടുംബങ്ങളുടെയും കേന്ദ്രബിന്ദു. ദൈവത്തെ കുടുംബത്തിൽ നിന്നും വിവിധജീവിതവ്യാപാരങ്ങളിൽ നിന്നും മാറ്റിനിർത്തുമ്പോൾ കുടുംബത്തിന്റെ ഐക്യം തകരുന്നു. പ്രാർത്ഥന ദൈവവചനപഠനം, ധ്യാനം എന്നിവയിലൂടെ ദൈവവുമായുള്ള സംസർഗ്ഗത്തിൽ ജീവിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളും കുടുംബജീവിതത്തിന്റെ അർഥം കണ്ടെത്തുന്നു. വളരെ പെട്ടെന്ന് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ അണുകുടുംബ വ്യവസ്ഥിതിയിലേക്കു കുടുംബങ്ങൾ മാറുന്നതുമൂലം കുടുംബ മൂല്യങ്ങൾക്ക് ഇടിവു സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങളുടെ ഐക്യതയും ഒരുമയും പരിരക്ഷിക്കുവാൻ വ്യക്തിപരമായ ധ്യാനവും കുടുംബആരാധനയും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

### 2. ദൈവം ബന്ധങ്ങളെ നൽകുന്നു (God gives Relationships)

ബന്ധമാണ് കുടുംബത്തിനുള്ളിൽ ഓരോ വ്യക്തിക്കും അന്തസും മാന്യതയും നൽകുന്നതും ഓരോ വ്യക്തികൾക്കും വ്യത്യസ്തമായ ചമുതലകൾ നൽകുന്നതും എല്ലാ ബന്ധങ്ങളും ദൈവദാനമാണ്, അതുകൊണ്ടുതന്നെ ദൈവീകവുമാണ്. ബന്ധങ്ങളെ പരിപാവനമായി കാണുകയും മാനിക്കുകയും വേണം. മനുഷ്യജീവിതം വളരുകയും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാവുകയും ചെയ്യുന്നത് ബന്ധങ്ങളിലൂടെ ആയതിനാൽ അവ പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. പരസ്പരമുള്ള വ്യക്തിബന്ധങ്ങൾ പരിരക്ഷിക്കപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുന്ന ഇടങ്ങളായിട്ടാണ് വിശുദ്ധ വേദപുസ്തകം കുടുംബങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള ബന്ധങ്ങളുടെ

പരിപാവനത എല്ലാം ഇന്നു വിസ്മരിക്കപ്പെടുന്നു. സ്വാതന്ത്ര്യമോഹികളായ പുതുതലമുറ ദൈവദാനമായ ബന്ധങ്ങളെ അവഗണിക്കുന്നു.

**3. താലന്തുകളും കാര്യവിചാരകത്വവും (Talents and stewardship)**

ദൈവം നൽകിയിരിക്കുന്ന താലന്തുകളും കൃപാദാനങ്ങളുമാണ് പരിഗണിക്കപ്പെടേണ്ട മറ്റൊരു തലം. നമ്മുടെ സമയവും കഴിവുകളും സമ്പത്തും മറ്റുള്ളവർക്കും കൂടെ അവകാശപ്പെട്ടതാണെന്നുള്ളത് വളരെ വിരളമായേ നാം ഓർക്കാറുള്ളൂ. മാതാപിതാക്കളുടെ പണം മാത്രമല്ല അവരുടെ സമയവും കഴിവുകളും മക്കളുമായി പങ്കു വയ്ക്കേണ്ടതാണെന്ന ബോധ്യം മാതാപിതാക്കൾക്കുണ്ടാകണം. അതുപോലെ തങ്ങളുടെ സമയവും കഴിവുകളും പണവും തന്റെ ജീവിത പങ്കാളിയുമായി പങ്കിടേണ്ടതാണെന്ന ബോധ്യം വിവാഹിതർക്കുണ്ടാകണം. മുതിർന്നവരോടുള്ള ആദരവും പരിരക്ഷയും, അനാഥരോടും വിധവമാരോടുമുള്ള കരുതൽ, ഭിന്നശേഷിക്കാരോടുള്ള കരുതൽ നമ്മുടെ ഉത്തരവാദിത്വമാണ്. പ്രത്യാശ നഷ്ടപ്പെടുന്ന ഇടങ്ങളിൽ പ്രത്യാശ യായിത്തീരുവാൻ ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നു.

**4. ദൈവരാജ്യമൂല്യങ്ങൾ (Kingdom Values)**

യേശുവിന്റെ പർവ്വതപ്രസംഗം ദൈവരാജ്യമൂല്യങ്ങളിലേക്കുള്ള ഒരു ചൂണ്ടുപലകയാണ്. ലോകത്തെ ദൈവരാജ്യവുമായി രൂപാന്തരപ്പെടുത്തുക എന്ന താല്പര്യമാണ് കുടുംബമൂല്യങ്ങൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ദൈവരാജ്യ മൂല്യങ്ങൾ എന്നാൽ,

(a) കർത്താവിന്റെ കുരിശ് (The cross)

(b) പരിത്യാഗം (Renunciation)

(c) സേവനം (Service) എന്നിവയാണ്. ഉയിർത്തെഴുന്നേറ്റ കർത്താ വിനോടൊപ്പം ഉയിർപ്പു നേടുന്ന ഇടമാണ് കുരിശ്. നഷ്ടപ്പെട്ടവരെയും അവഗണിക്കപ്പെട്ട വരെയും അകറ്റിനിർത്തപ്പെട്ടവരെയും അന്വേഷിക്കുന്ന യേശു, പരിത്യാഗ ജീവിതശൈലിയുടെ സൂചകമാണ്. ശിഷ്യന്മാരുടെ കാൽ കഴുകുന്ന ക്രിസ്തു സേവനത്തിന്റെ മാതൃകയാണ്.

**ഉപസംഹാരം**

കുടുംബം എന്നത് ദൈവം ഇട്ടിരിക്കുന്ന ഒരു അടിസ്ഥാനമാണ്. അവിടെ എല്ലാ ദൈവരാജ്യമൂല്യങ്ങളും വേരുറപ്പിച്ച് ദൈവവുമായും പരസ്പരവുമുള്ള ബന്ധത്തിൽ നിലനിന്ന് ദൈവം പ്രതീക്ഷിക്കുന്ന രീതിയിലുള്ള കുടുംബമായി ത്തീരേണ്ടതാണ്. അങ്ങനെ വ്യക്തികളായും കുടുംബങ്ങളായും സമൂഹങ്ങളായും ലോകത്തെ ദൈവരാജ്യമാക്കി തീർക്കുന്ന തരത്തിലേക്ക് രൂപാന്തരപ്പെടുന്നു. എന്നാൽ ഇതിനെല്ലാം തുടക്കം കുറിക്കുന്നത് കുടുംബത്തിന്റെ ശക്തീകരണ ത്തിലൂടെയാണ്.

# സഭയുടെ ദൗത്യം

സഭ ദൈവത്തിന്റെ ശുശ്രൂഷകരാണെന്നും ലോകത്തിൽ ദൈവിക ദൗത്യം നിറവേറ്റാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്നും ദക്ഷിണേന്ത്യസഭ വ്യക്തമാക്കുന്നു. ദൗത്യത്തിനായും ദൗത്യത്തിലും സഭ അസ്തിത്വം കണ്ടെത്തുന്നു. ക്രിസ്തുയേശുവിൽ വെളിപ്പെട്ടതും തിരുവചനത്തിൽ സാക്ഷീകരിക്കപ്പെട്ടതുമായ ദൈവീക ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണമാണ് ദൗത്യം. ദൈവിക ഉദ്ദേശ്യങ്ങൾ തിരിച്ചറിയാനുള്ള നിർണ്ണായക സൂചിക യേശുക്രിസ്തുവിന്റെ ജീവിതവും മരണവും ഉത്ഥാനവുമാണ്. ജീവിത സാഹചര്യങ്ങളിൽ ദൈവസാന്നിദ്ധ്യം തിരിച്ചറിയുക എന്നത് ജനങ്ങളുടെ മദ്ധ്യേ ക്രിസ്തുവിനെ തിരിച്ചറിയുന്നതാണ്.

യേശുക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യസുവിശേഷം നിത്യവും സാർവലൗകികവും, സമൂഹത്തിൽ രൂപാന്തരദായകവും സൃഷ്ടിക്കു സമഗ്രത നൽകുന്നതുമാണ്. ദൈവരാജ്യം അനുതാപത്തിനും വിശ്വാസത്തിനും ആഹ്വാനം ചെയ്യുന്നു. (മർക്കൊസ് 1:15) ജീവന്റെയും ഹൃദയത്തിന്റെയും പരിവർത്തനത്തിലാണ് ദൈവരാജ്യം അനു ഭവയോഗ്യമാകുന്നത് (മെറ്റനോയ).

ഓരോ കാലഘട്ടങ്ങളിലും സ്ഥലങ്ങളിലും സഭ വിളിക്കപ്പെട്ടിരിക്കുന്നതു ക്രിസ്തുവിലുള്ള ദൈവത്തിന്റെ രൂപാന്തരദായകവും വീണ്ടെടുക്കുന്നതുമായ ദൗത്യത്തിൽ പങ്കാളികളാകുന്നതിനാണ്. തന്മൂലം ന്യായം, സമാധാനം സൃഷ്ടിയുടെ സമഗ്രത എന്നിവയിലതിഷ്ഠിതമായ ദൈവരാജ്യത്തിന്റെ അടയാളവും സാക്രമന്തുമായി സഭ മാറുന്നു. ദരിദ്രരോടും, പീഡിതരോടും, പാർശ്വവത്ക്കരിക്കപ്പെട്ടവരോടും താദാത്മ്യം പ്രാപിച്ച് അവർക്കു പൂർണ്ണതയും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതാണ് ക്രിസ്തുമാർഗ്ഗത്തിലുള്ള ദൗത്യമെന്നു ദക്ഷിണേന്ത്യ സഭ മനസ്സിലാക്കുന്നു. ഐക്യപ്പെട്ടതും ഐക്യപ്പെടുത്തുന്നതുമായ സഭയാണ് ദക്ഷിണേന്ത്യ സഭ. കൂടുതൽ ഫലപ്രദമായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനാകണമെന്നതാണ് ഐക്യത്തിന്റെ ഉദ്ദേശ്യം. ഇതാണ് യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിലും പ്രതിഫലിക്കുന്നത്. അവിടുന്നു എന്നെ അയച്ചു എന്നു ലോകം വിശ്വസിക്കേണ്ടതിന് അവർ (ശിഷ്യന്മാർ) ഒന്നാകേണ്ടതിനു തന്നെ. (യോഹ. 17:24) ഐക്യവും സാക്ഷ്യവും സഹചാരികളാണ്. സുവി

ശേഷത്തിനായി കൂടുതൽ ഐക്യതപ്പെട്ട എക്യുമെനിക്കൽ കൂട്ടായ്മയ്ക്കും സംസർഗ്ഗത്തിനും, കരുതലിനും, പങ്കുവയ്ക്കലിനുമായി സഭ വിളിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവിൽ സഭയുടെ ദൗത്യം ആഗോളദൗത്യത്തിന്റെ ഭാഗമാണെന്ന് ദക്ഷിണേന്ത്യ സഭ തിരിച്ചറിയുന്നു.

ദൈവത്തിന്റെ ദൗത്യം ജീവന്റെ സമസ്തമേഖലകളെയും ഉൾക്കൊള്ളുന്നതും തന്മൂലം, ദൈവീക കരുതലിൽ നിന്നും ജീവന്റെ ഒരാശയവും ഒഴിവാക്കപ്പെടുന്നില്ല. ജീവന്റെ വ്യക്തിപരവും സാർവ്വ ലൗകികവുമായ തലങ്ങൾ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗവും തന്മൂലം ദൗത്യത്തിന്റെ അവിഭാജ്യഘടകവുമാണ്.

ദൈവത്തിന്റെ ദൗത്യത്തിനു വ്യത്യസ്തതലങ്ങളുണ്ടെന്ന് ദക്ഷി ണേന്ത്യ സഭ മനസ്സിലാക്കുന്നു.

സഭയുടെ ദൗത്യം ക്രിസ്തുവിൽ വേരൂന്നിയതും തിരുവചന ത്തിൽ അടിസ്തിതമായതുമാണ്. യേശുക്രിസ്തു സഭയെ ദൗത്യത്തി നായി നിയോഗിച്ചിരിക്കുന്നു (മത്തായി 28:19). ദൗത്യത്തിന്റെ അടിസ്ഥാന ചാലകമായ പരിശുദ്ധാത്മാവ് ലോകത്തിൽ ദൈവദൗത്യം നിറവേറ്റാൻ സഭയെ ശക്തീകരിക്കുന്നു (അപ്പൊ. പ്രവ. 1:8). ദൗത്യത്തിനു ധൈര്യവും പ്രതിബദ്ധതയും അനിവാര്യമാണ്. കഷ്ടതയും തിരസ്കരണവും ദൗത്യത്തിന്റെ ഭാഗമാണ്. സമഗ്രമായ ജീവൻ നിഷേധിക്കപ്പെട്ടവർക്കും അന്യായത്തിന്റെ ഇരകൾക്കുമുൾപ്പെടെ സർവ്വമനുഷ്യർക്കും പ്രത്യാശയുടെ അടയാളമായി ദൈവരാജ്യത്തിന്റെ കടന്നുവരവാണ് ദൗത്യമെന്നു യേശു വിശേഷിപ്പിക്കുന്നു (യോഹ. 10:10). ഓരോ ഇടത്തിലും കൃപയുടെയും സമാധാനത്തിന്റെയും ചാലകമായും രൂപാന്തരത്തിന്റെ നിദാനമായും തലയായ ക്രിസ്തു സഭയെ ലോകത്തിലേക്കു അയയ്ക്കുന്നു (യോഹ. 20:21).

യേശുവിന്റെ ദൗത്യത്തിൽ വ്യക്തമാക്കപ്പെടുന്നതുപോലെ ദൈവദൗത്യം (ശരീരം ധരിക്കേണ്ടതാണ്). താൻ ജീവിച്ച പശ്ചാത്തലം യേശു ഉൾകൊണ്ടതുപോലെ സഭയും തങ്ങളുടെ പശ്ചാത്തലത്തെ ഉൾകൊള്ളേണ്ടതുണ്ട്. മണ്ണിന്റെ സംസ്കാരത്തിൽ ദൗത്യം രൂപപ്പെടേണം. ദക്ഷിണേന്ത്യ സഭയുടെ പശ്ചാത്തലം – മത, സാംസ്കാരിക, ഭാഷാ, ബഹുലതയുടെയും, വളരെയധികം വ്യക്തികൾ ദാരിദ്ര്യത്താൽ മാനസ്സികമുഖം നഷ്ടപ്പെട്ടു ജീവിക്കുന്നതിന്റെയും, ജാതി, വിശ്വാസ, ലിംഗ, സ്ഥലഭേദങ്ങളാൽ ഭിന്നിക്കപ്പെട്ടിരിക്കുന്നതുമായ ഒന്നാണ്. വിമോചനത്തിനായി പോരാടുന്ന ആദിവാസി, ദളിത് ന്യൂനപക്ഷ വരേണ്യ വിഭാഗങ്ങളുടെ അസ്ഥിത്വ അന്വേഷണവും ഭാരതീയ പശ്ചാത്തലത്തിന്റെ

ഭാഗമാണ്. ഈ സാഹചര്യത്തിൽ ദൈവത്തിന്റെ വിമോചന ദായക ഇടപെടലിനു സാക്ഷ്യം വഹിക്കുവാൻ ദക്ഷിണേന്ത്യസഭ പ്രതിബദ്ധമാണ്.

**1. സുവിശേഷ പ്രഘോഷണമാണ് ദൗത്യം (കെരിഗ്മ)**

യേശുക്രിസ്തുവിന്റെ സദ്‌വർത്തമാനവും, തന്റെ ജീവിതത്തിലൂ ടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ലഭ്യമാക്കിയ രക്ഷയാണ് സുവിശേഷ പ്രഖ്യാപനത്തിന്റെ നിദാനം. സുവിശേഷവത്കരണം സഭയുടെ അടിസ്ഥാന ഉത്തരവാദിത്വമായി ദക്ഷിണേന്ത്യസഭ മനസ്സിലാക്കുന്നു. സഭ ക്രിസ്തുവിന്റെ ശരീരമാണ്. എവിടെയായിരുന്നാലും ജീവിതത്തിലും പ്രവർത്തിയിലും സുവിശേഷത്തിന്റെ സാക്ഷികളായിരിപ്പാൻ, വിശ്വാസസമൂഹം പരിശ്രമിക്കേണ്ട താണ്. ദൗത്യം ആക്രമണാത്മക പ്രചാരണങ്ങളല്ല മറിച്ച് ഒരു ജീവിത ക്രമമാണ്. ഓരോ പ്രാദേശിക സമൂഹവും തങ്ങളുടെ ചുറ്റുമുള്ളവരോട് യേശുവിന്റെ സ്നേഹം വെളിപ്പെടുത്തുവാൻ സജ്ജരാക്കപ്പെടേണ്ടതുണ്ട്. തങ്ങൾ ആയിരി ക്കുവാൻ ദൈവം വിളിച്ച് നിയോഗിക്കുമ്പോൾ ജീവിതത്തിലും പ്രവർത്തിയിലും സുവിശേഷത്തിനു സാക്ഷികളായിരിപ്പാൻ ഓരോ വിശ്വാസിയും പരിശ്രമിക്കേണ്ട തുണ്ട് ഇതര മതസ്ഥരുമായുള്ള സംഭാഷണങ്ങൾ സുവിശേഷം പങ്കുവയ്ക്കു വാനും അപരനിൽ നിന്നു പഠിക്കുവാനുമുള്ള അവസരങ്ങളാണ്. ശരിയായ ദൗത്യം ആത്മാവോടും ഇതര മതങ്ങളോടുമുള്ള ബഹുമാനത്തോടും താൻപ്രമാദിത്വത്തിന്റെ ചിന്തകൾ ഒഴിവാക്കിയും നിർവഹിക്കപ്പെടേണ്ടതാണ്.

**2. ആരാധന, വചനപ്രസംഗം, ക്രിസ്തീയ വിദ്യാഭ്യാസം ഇടയപരിപാലനം എന്നിവയാൽ ദൈവജനത്തെ പരിപോഷിപ്പിക്കുന്ന താണ് ദൗത്യം. ഇതുവഴി കൂട്ടായ്മ (കൊയ്നോനിയ)** ശക്തിപ്പെടുത്താനും, ആത്മീയത ആഴമുള്ളതാ ക്കാനും, ദൗത്യത്തിനു ഫലപ്രദമായ പങ്കുകാരെ സജ്ജരാക്കാൻ കഴിയും. സമ കാലീന ലോകത്ത് പ്രസക്തമായി വിശ്വാസത്തെ വ്യാഖ്യാനം ചെയ്യാൻ ദൈവ ജനത്തെ ദൗത്യത്തിനായി സജ്ജരാക്കുകയാണ് ദക്ഷിണേന്ത്യ സഭ പരിശ്രമി ക്കുന്നത്.

ക്രിസ്തീയ പരിപോഷണത്തിൽ കുഞ്ഞുങ്ങളെയും പുതിയ വിശ്വാസി കളെയും സഭ പ്രത്യേകം ശ്രദ്ധവയ്ക്കുന്നു.

**3. പ്രതിബദ്ധതയുള്ള ശുശ്രൂഷ (ഡയകോനിയ)യാണ് ദൗത്യം.**

സ്നേഹത്തോടും അനുകമ്പയോടും ക്രിസ്തു ജനത്തെ ശുശ്രൂഷിച്ച തുപോലെ ദൈവജനത്തോടുള്ള ശുശ്രൂഷയിൽ പങ്കാളികളാകാൻ സഭ പരിശ്ര

മിക്കുന്നു. തങ്ങുടെ മെഡിക്കൽ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബാല ബാലിക മന്ദിരങ്ങൾ, ഗ്രാമവികസന ഉദ്യമങ്ങൾ മറ്റു സന്നദ്ധ പ്രവർത്തനങ്ങൾ എന്നിവ യിലൂടെ ചെയ്യുന്നതെല്ലാം തങ്ങളെ ഭരമേൽപിച്ച ദൗത്യത്തിന്റെ ഭാഗമാണെന്ന് സഭ കരുതുന്നു. തങ്ങളുടെ ശുശ്രൂഷ ജാതി മതഭേദമെന്യേ സർവർക്കുമുള്ളതാ ണെന്നും അതിൽ ദരിദ്രർക്കും അവഗണിക്കപ്പെട്ടവർക്കും മുൻഗണന നൽകേ ണ്ടതുണ്ടെന്നു സഭ വ്യക്തമാക്കുന്നു.

**4. സമൂഹത്തിൽ നീതി ഉറപ്പാക്കുന്നതാണ് ദൗത്യം.**

നീതിയുക്തവും, പങ്കാളിത്ത ബോധമുള്ളതും, അനുരഞ്ജനഭാവമുള്ള തുമായ സമൂഹത്തെ രൂപപ്പെടുത്താൻ സഭ കാംഷിക്കുന്നു. ഇതിനർത്ഥം അന്യായഘടനകളെ രൂപാന്തരപ്പെടുത്തുകയും, അധിനിവേശത്തിന്റെയും ഒഴി വാക്കലിന്റെയും വകഭേദങ്ങളെ തള്ളിപ്പറയുകയും സമത്വവും പങ്കാളിത്തവും ഉറപ്പാക്കുന്ന ബന്ധങ്ങളുടെ മാതൃകകൾ ചെയ്യുക എന്നതുമാണിതിനർത്ഥം.

ജനകീയ മുന്നേറ്റങ്ങളിലും രാഷ്ട്രീയ ഘടനകളിലും പങ്കുകാരായി രാഷ്ട്ര നിർമ്മാണത്തിനു സംഭാവനകൾ നൽകാൻ തങ്ങളുടെ അംഗങ്ങളെ  സജ്ജരാ ക്കാൻ സഭ ശ്രമിക്കുന്നു. ദൈവരാജ്യ മൂല്യങ്ങളുമായി താദ്ദാമ്യം പ്രാപിക്കുന്ന ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കാനും മറ്റുള്ളവരുമായി ചേർന്നു പ്രവർത്തി ക്കാനും സഭ തയ്യാറാകേണ്ടതുണ്ട്.

**5. ദൈവസൃഷ്ടിയുടെ കാര്യവിചാരകത്വമാണ് ദൗത്യം**

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എല്ലാവരും അവബോ ധമുള്ളവരായിരിപ്പാനും അതുവഴി ദൈവസൃഷ്ടിയെ കരുതുവാനും സാഹചര്യ മൊരുക്കാൻ സഭ പ്രതിബദ്ധമാണ്.

പ്രകൃതി വിഭവങ്ങളെ അന്യായമായി ചൂഷണം ചെയ്യാതിരിക്കാനും, ഇപ്പോഴുള്ളതും ഇനി ജനിക്കാനിരിക്കുന്നതുമായ തലമുറകൾക്കു വാസയോ ഗ്യമായ ഇടമായി ഭൂമിയെ സൂക്ഷിക്കാനും ജനങ്ങളെ അവബോധമുള്ളവരാ ക്കാനും സഭ പരിശ്രമിക്കണം.

ദൈവാത്മാവിന്റെ ശക്തിയാണ് ദൗത്യനിർവഹണമെന്ന് സഭ തിരിച്ചറി യുന്നു. അതിൽ ദൗത്യാവബോധം ഒരിക്കലും നിശ്ചലമല്ല. ക്രിയാത്മകമായി കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് നിരന്തരമായി പുനരവലോകനത്തിനു ദൗത്യം വിധേയപെടേണ്ടതുണ്ട്. ക്രിസ്തീയ ദൗത്യം നാം എന്തു ചെയ്യുന്നു എന്നതിനെക്കാളുപരി ആത്യന്തികമായി ദൈവജനമായി നാം ആരായിരിക്കുന്നു

എന്നതാണ്. നമ്മെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചുമുള്ള ദൈവപ്രതീക്ഷകൾക്കു പ്രതികരിച്ച് ജീവിക്കുന്നതാണ് ദൗത്യം.

ഈ ജീവപ്രതികരണം, ദൈവത്തിന്റെ നീതിയുക്തവും ക്ഷമാദായകവുമായ സ്നേഹത്തിൽ വിശ്വാസമർപ്പിച്ച്, സമഗ്രവും ഭൂമിയിലെ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ബാധിക്കുന്നതുമാണ്. ത്രിയേക ദൈവത്തിന്റെ വീണ്ടെടുക്കുന്നതും രൂപാന്തരപെടുത്തി പ്രവർത്തിയിൽ പങ്കാളികളാക്കുന്നതാണ് ദൗത്യം.

എല്ലാ ദൗത്യവും ക്രിസ്തുമാർഗ്ഗത്തിലുള്ളതും സമ്പൂർണ്ണ ജീവനിലേയ്ക്കു നയിക്കുന്നതും, എപ്പോഴും “സഭയിലും ക്രിസ്തു യേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വമുണ്ടാകട്ടെ ആമേൻ (എഫെ. 3:21) എന്നാഗ്രഹിക്കുന്നതുമാണ്.

(ദക്ഷിണേന്ത്യ സഭ ഭരണഘടനയുടെ മൂന്നാം അദ്ധ്യായത്തിന്റെ പരിഭാഷ)

○

## നിത്യതയിൽ

### Mrs. ROSAMMAL

Kuravankonam
Family No. 1361

***Called to eternal rest on 09-10-2021***



### Mrs. ELSY JUSTUS

Charachira
Family No. 127

***Called to eternal rest on 23-10-2021***

### Mr. KUNJU KUNJU

Near Valsala Nursing Home
Family No. 516

***Called to eternal rest on 25-10-2021***



# നിശ്ശബ്ദമുരുകുന്ന പ്രാർത്ഥനകൾ

**ടോബി തലയൽ**

*__അ__തിരാവിലെ ഇരുട്ടുള്ളപ്പോൾത്തന്നെ*
*ഉണർന്നെണീറ്റ് മുട്ടിന്മേൽ നിന്ന്*
*പ്രാർത്ഥനയായി ഉരുകും, മാതാവ്*
*സ്തോത്രത്തിന്റെ*
*സുഗന്ധവർഗ്ഗവുമെടുത്ത്*
*ഉയിർത്തെണീറ്റ ദൈവപുത്രന്റെ*
*അരികിലേക്ക് ചെല്ലും,*
*മനസ്സിന്റെ കല്ലറയിൽ നിന്ന്*
*ഉരുട്ടിമാറ്റിയ സന്ദേഹങ്ങൾക്കുമീതെ*
*പ്രത്യാശ പ്രകാശിച്ചുകൊണ്ടിരിക്കും,*
*ചുരുട്ടിവെച്ച ഓർമ്മകൾ*
*ധവളിമയോടെ നിവർന്നുവരും,*
*കാവൽ നിൽക്കുന്ന ഒലിവുമരങ്ങൾ*
*താഴ്‌വരയെ ഉല്ലാസം അണിയിയ്ക്കും,*
*സാരിത്തലപ്പുകൊണ്ടെന്നപോലെ*
*കണ്ണീരണിഞ്ഞ ഇലച്ചാർത്തുകളെ*
*അരുണകിരണങ്ങൾ*
*അലിവോടെ തഴുകും!*

*കാനായിലെ കൽഭരണികളിൽ*
*ചുവന്നു പതഞ്ഞ അത്ഭുതം*
*മാതാവിന്റെ ഉള്ളിൽ*
*നിറഞ്ഞു തുളുമ്പുന്നുണ്ടാവും,*
*അഞ്ചപ്പം കൊണ്ട് വിശപ്പാറ്റിയ*
*അയ്യായിരങ്ങളുടെ സംതൃപ്തി*
*തിരയടിക്കുന്നുണ്ടാവും,*

*മുടന്തർ ഉത്സാഹത്തോടെ കുതിയ്ക്കും*
*കുരുടർ നിറക്കാഴ്ചകളിൽ മുങ്ങും*
*കുഷ്ഠരോഗികൾ വിശുദ്ധിയണിഞ്ഞ്*
*ദേവാലയത്തിൽ പ്രവേശിക്കും!*

*വാതില്ക്കൽ മഹാമാരികൾ വന്ന്*
*മുട്ടുന്നതറിയുന്നുണ്ട്*
*പെരുവെള്ളത്തിന്റെ ഇരമ്പൽ*
*കേൾക്കുന്നുണ്ട്*
*ഉരുൾപൊട്ടുന്ന സങ്കടങ്ങളിൽ*
*നനയുന്നുണ്ട്*
*എങ്കിലും, കണ്ണുകൾ*
*സീയോനിലേക്കുയർത്തി*
*മാതാവ് ഇരിയ്ക്കുന്നു,*
*ഉറപ്പുള്ള പാറമേൽ പണിത വീട്ടിൽ*

*ഒട്ടും ഉലഞ്ഞു പോകാതെ*
*ഹൃദയം കലങ്ങിപ്പോകാതെ...*

*സീനായ്മലയിലെരിയുന്ന*
*മുൾപ്പടർപ്പോളം ചെന്നെത്തുന്നു*
*മാതാവിന്റെ പ്രാർത്ഥനകൾ!*
*അപേക്ഷകളിൽ അനാഥരുടെ വിശപ്പുണ്ട്*
*ഒരു തലോടലിന്റെ തണുപ്പിൽ*
*ഒതുങ്ങാൻ കൊതിക്കുന്ന മുടിയിഴകളുണ്ട്*
*പലായനം ചെയ്യുന്നവരുടെ*
*പൊള്ളിയടർന്ന കാലും ഹൃദയവുമുണ്ട്*
*മുറിഞ്ഞ നാവും കരിഞ്ഞ ഉടലും കൊണ്ട്*
*ഹത്രാസ്സിലെ പെൺകുട്ടി*
*എഴുതിവെച്ചുപോയ വാക്കുകളുടെ*
*ഇടിമുഴക്കമുണ്ട്.*

*മാതാവിപ്പോൾ യാചിക്കുന്നതിത്രമാത്രം:*
*എന്റെ പാറയായ കർത്താവേ*
*അങ്ങ് മൗനമായി ഇരിക്കരുതേ...*



# ‘യെരിഹോ’ നൽകുന്ന പാഠങ്ങൾ

**എൽ. ജെ. പത്മകുമാർ**

**പ**ഴയ നിയമത്തിലെ പല സംഭവങ്ങളും നമ്മുടെ ആത്മീക വർദ്ധനയ്ക്ക് ഉതകുന്നതും, അവ നമ്മെ പഠിപ്പിക്കുന്ന ഗുണപാഠങ്ങൾ നമ്മുടെ ദൈനംദിന ജീവിതം ശരിയായ രീതിയിൽ ക്രമീകരിക്കുന്നതിനും വളരെ പ്രയോജനകരമാണ്. ഈ വസ്തുത റോമർ 15:4ലും 1 കൊരിന്ത്യർ 10:6 ലും വളരെ സ്പഷ്ടമായി പ്രതിപാദിക്കുന്നുണ്ട്. പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യിസ്രായേൽ ജനത്തെ യെരീഹോ പട്ടണം പിടിച്ചടക്കാൻ ദൈവം സഹായിച്ച സംഭവം അത്തരത്തിലൊന്നാണ്.

‘യെരീഹോ’ വേദപുസ്തക ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പട്ടണമാണ്. യോശുവയുടെ കീഴിൽ യിസ്രായേൽ ജനം കനാന്യ പൗരന്മാർക്കെതിരെ നേടിയ ഐതിഹാസ്യവും മഹത്തരവുമായ വിജയത്തിനു ശേഷമാണ് ഈ പട്ടണം പ്രസിദ്ധമായി അറിയപ്പെട്ടു തുടങ്ങിയത്. ലോകത്തിലെ തന്നെ ഏറ്റവും പഴക്കം ചെന്ന പട്ടണമായി ‘യെരീഹോ’ അറിയപ്പെടുന്നു.

ഉദ്ദേശം 8000 ബി.സി.യിൽ കൂറ്റൻ കല്ലുകൾ കൊണ്ട് നിർമ്മിച്ചതാണ് യെരീഹോ പട്ടണത്തിനു ചുറ്റുമുള്ള മതിൽ. ഈ മതിലിന് ഉദ്ദേശം 30 അടി ഉയരവും 10 അടി വീതിയും ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. രാഹാബ് എന്ന വേശ്യയുടെ ഭവനം ഈ മതിലിനു മുകളിലാണ് സ്ഥിതി ചെയ്തിരുന്നത്.

യെരീഹോ മതിൽ ഇസ്രായേൽ ജനത്തെ വല്ലാതെ

# Family week








# Senior citizen fellowship week










*"But God will redeem my life from the grave;*
*he will surely take me to himself." –Psalm 49:15*



7TH DEATH ANNIVERSARY
IN LOVING MEMORY OF

**R. SUNDARAM**

(Rtd. Senior Instructor Govt.ITI Tvpm.)

*Who departed for heavenly abode*
*on 25th November 2014.*

By mourning wife, children and grand children.
Thillery Compound, NNRA-98, Nalanda Junction, Nanthencode, Tvpm-3

SECOND ANNIVERSARY IN HEAVEN

## KAMALA BAI REMANI

02.08.1939 - 11.10.2019 )



For since we believe that Jesus died and rose again, even so God will also bring with him through Jesus those who have fallen asleep in death

1 THESSALONIANS 4:14

Fondly remembered by N P Moris (Husband)
Son - Dr. Jean Morris Daughter - Serene Morris,Premula Morris
Daughter - in - Law - Remya Jean
Grand Children - Jithu P Lal, Regina Roy, Anand Jean



*In ever loving memory of*

## Sri. SAM D. NELSON

11-11-1971

(Rohini Motors)

*Fondly Remembered By*
***Elizabeth Chellaswamy***
***& Family***

വേദനിപ്പിക്കുകയും വാഗ്ദത്ത ദേശത്തിൽ കടക്കുവാനുള്ള തങ്ങളുടെ ആഗ്രഹം സാധിക്കാതെ പോകുമെന്ന് അവർ ആശങ്കപ്പെടുകയും ചെയ്തു. "ഞാൻ യെരീഹോവിനെയും അതിലെ രാജാവിനെയും യുദ്ധ വീരന്മാരെയും നിന്റെ കൈയ്യിൽ ഏൽപ്പിച്ചിരിക്കുന്നു" എന്ന് യഹോവ യോശുവയോട് പറഞ്ഞ് ധൈര്യപ്പെടുത്തുകയും വ്യക്തമായ നിർദ്ദേശ ങ്ങൾ നൽകുകയും ചെയ്തു. യിസ്രായേൽ ജനം തങ്ങൾക്കു ലഭിച്ച നിർദ്ദേശ ങ്ങൾ അതേപടി പാലിച്ചു. ഇതിന്റെ ഫലമായി യെരീഹോ മതിൽ യാതൊരു അദ്ധ്വാനവുമില്ലാതെ നിലം പരിശായി. ജനം പട്ടണ ത്തിലേയ്ക്ക് കടന്ന് പട്ടണം പിടിച്ചടക്കി. യിസ്രായേൽ ജനം ദൈവത്തിന്റെ മഹത്വം കാണുകയും അത് അനുഭവിച്ചറിയുവാൻ ഇടവരുകയും ചെയ്തു.

### 1. മനുഷ്യനാൽ അസാധ്യം ദൈവത്താൽ സാധ്യം

യെരീഹോയ്ക്ക് എതിരായ യുദ്ധത്തിൽ വിജയിക്കാൻ സാധിക്കു മെന്ന് യിസ്രായേൽ ജനം ഒരിക്കലും കരുതിയിരുന്നില്ല. കാരണം ശക്തവും ഉയരവുമുള്ള മതിലുകളാൽ യെരീഹോ സംരക്ഷിക്ക പ്പെട്ടിരുന്നു. എന്നാൽ ദൈവത്തിന്റെ ഇടപെടൽമൂലം യിസ്രായേല്യർക്ക് ആ വൻമതിൽ ഒരു പോരാട്ടവും കൂടാതെ തകർക്കുവാൻ കഴിഞ്ഞു. അങ്ങനെ അവർക്ക് കനാൻ നാട്ടിൽ പ്രവേശിക്കുവാനും കഴിഞ്ഞു. ഈ സംഭവം ദൈവത്തിന്റെ സമയോജിതമായ ഇടപെടലിനേയും മഹത്തര മായ ശക്തിയേയും കാണിക്കുന്നു. മാത്രമല്ല പതറിപ്പോയ യിസ്രായേൽ ജനത്തെ ധൈര്യപ്പെടുത്തുവാനും ശക്തീകരിക്കുവാനുമായി യഹോവ തന്റെ സൈന്യത്തിന്റെ അധിപതിയെ യോശുവയുടെ അടുത്തേയ്ക്ക് അയച്ചു.

മോശെയുടെ അനുഭവവും വ്യത്യസ്തമായിരുന്നില്ല. പുറപ്പാട് 33:15-ൽ മോശെ ദൈവത്തോട് "തിരുസാന്നിദ്ധ്യം എന്നോടു കൂടെ പോരുന്നില്ലെങ്കിൽ ഞങ്ങളെ ഇവിടെ നിന്നും പുറപ്പെടുവിക്കരുതേ" എന്ന് അഭ്യർത്ഥിക്കുന്നു. വേദപുസ്തകത്തിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും തന്റെ ജനത്തോടൊത്തു നടക്കുന്ന ദൈവത്തെ നമുക്കു കാണാം. മിസ്രയീമിൽ നിന്നു യിസ്രായേൽ ജനത്തെ പല പ്രതികൂല സാഹചര്യങ്ങളിൽ കൂടി കനാൻ ദേശത്തേയ്ക്ക് വഴി നടത്തിയ ദൈവത്തെ നമുക്കു പരിചിതമാണ്. മർക്കൊസ് 10:27ൽ "മനുഷ്യർക്ക് അസാധ്യം തന്നെ ദൈവത്തിന് അല്ലതാനും. ദൈവത്തിന് സകലവും

സാധ്യമല്ലോ”എന്ന് യേശുക്രിസ്തു തന്റെ ശിഷ്യൻമാരോടു പറയുന്നു.

ദൈവം നമ്മോടൊപ്പം ഉണ്ടെങ്കിൽ എല്ലാം സാധ്യമാണ്. നാം അവനിൽ വിശ്വസിക്കുകയും പ്രാർത്ഥനയിലൂടെ നമ്മുടെ പ്രശ്നങ്ങൾ അവന്റെ മുമ്പാകെ സമർപ്പിക്കുകയും അങ്ങനെ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയും നമുക്കു വേണ്ടി അവൻ പോരാടുകയും ചെയ്യും. മീഖാ 2:13ൽ “തകർക്കുന്നവൻ അവർക്കു മുമ്പായി പുറപ്പെടുന്നു. അവർ തകർത്ത് ഗോപുരത്തിൽ കൂടി കടക്കുകയും പുറപ്പെടുകയും ചെയ്യും. അവരുടെ രാജാവ് അവർക്കു മുമ്പായും യഹോവ അവരുടെ തലയ്ക്കലും നടക്കും” എന്ന് എഴുതിയിരിക്കുന്നു.

2. **ലഭിച്ച അവസരം പാഴാക്കാതിരിക്കുക**

